പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3730 17.12.2015-ലെ മറുപടിക്ക്

ജയിലുകളുടെ സുരക്ഷ

ചോദ്യം
ശ്രീ.കെ.അച്ചുതൻ

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷയ്ക്കും തടവുകാരുടെ നിയന്ത്രണത്തിനും നിലവിലുള്ള ജയിൽ വാർഡർമാർ പര്യാപ്തമാണോ; | എ) മോഡൽ പ്രിസൺ മാനവൽ പ്രകാരം 6 തടവുകാർക്ക് ഒരു വാർഡർ എന്ന അനുപാതം ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ഈ അനുപാതത്തിൽ നിലവിൽ ജയിൽ വകുപ്പിൽ വാർഡർമാർ ഇല്ല. എന്നാൽ ഇതുകാരണം സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷയ്ക്കും തടവുകാരുടെ നിയന്ത്രണത്തിനും പ്രശ്നങ്ങൾ ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) കൂടുതൽ വാർഡർമാരെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ടുള്ള ജയിൽ വകുപ്പിന്റെ വിശദമായ റിപ്പോർട്ടിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| സി) സംസ്ഥാനത്തെ ജയിലുകളിൽ 900 മെയിൽ വാർഡർമാരെ നിയമിക്കുന്ന എന്ന പ്രഖ്യാപിച്ചിട്ടും, റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും എന്ത്കൊണ്ട് ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല. | സി) നിർമ്മാണം പൂർത്തിയായി പുതിയ ജയിലുകൾ പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതാണ്. |
| ഡി) ജയിൽ വാർഡർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോഴും നിയമനം അനിശ്ചിതമായി നീളുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | ഡി) ജയിൽ വകുപ്പിൽ വാർഡർമാരുടെ ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ഇ) ഇപ്പോൾ മെയിൽ വാർഡർമാരുടെ എത്ര ഒഴിവുകൾ സംസ്ഥാനത്ത് നിലവിലുണ്ട്; ഇവ പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | ഇ) ജയിൽ വകുപ്പിൽ നിലവിൽ കണ്ണൂർ മേഖലയിൽ 12 ഉം തൃശ്ശൂർ മേഖലയിൽ 25 ഉം തിരുവനന്തപുരം മേഖലയിൽ 25 ഉം ഒഴിവുകൾ ഉണ്ട്. ടി ഒഴിവുകൾ ഉണ്ടായ മുറയ്ക്ക് തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| എഫ്) നിലവിലുള്ള മെയിൽ വാർഡൻ റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തി ഉദ്യോഗാർത്ഥികളുടെ ആശങ്കകൾ ദൂരീകരിക്കാൻ സർക്കാരിന് സാധിക്കുമോ; | എഫ്), (ജി) : ജയിൽ വകുപ്പിൽ വാർഡർമാരുടെ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. |
| ജി) മേൽപ്പറഞ്ഞ അവസ്ഥ സംജാതമായതിന്റെ സാഹചര്യം പരിശോധിക്കുമോ? | |

സെക്ഷൻ ഓഫീസർ